## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 108

13.6.2013- ൽ
മറുപടിക്ക്

## കയർ യന്ത്ര നിർമ്മാണ ഫാക്ടറി നിർമ്മിക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>,, എം.എ. വാഹീദ്<br>,, എ.റ്റി. ജോർജ്<br>,, പി.എ. മാധവൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കയർ യന്ത്ര നിർമ്മാണ ഫാക്ടറി നിർമ്മിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി)ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാ മാണ് എന്നും വിശദമാക്കുമോ; | (ബി) സംസ്ഥാനത്തിനകത്തുതന്നെ കയർ മേഖലയിലേയ്ക്ക് ആവശ്യമായ എല്ലാത്തരം യന്ത്രങ്ങളുടെയും രൂപകൽപന, വ്യാവസായിക അടിസ്ഥാനത്തിലുള്ള നിർമ്മാണം, മെയിന്റ-നൻസ്, ഈ യന്ത്രങ്ങളിലുള്ള പരിശീലനം, ഈ യന്ത്രങ്ങളെ വ്യാപക അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നതിനുള്ള മറ്റു നടപടികൾ തുടങ്ങിയവയാണ് പ്രധാന ലക്ഷ്യങ്ങൾ. |
| സി) ഏതെല്ലാം ഏജൻസിയാണ് ഇതിനായി സഹകരിക്കുന്നത്; | സി) KITCO എറണാകുളം കൺസൾട്ടിംഗ് ഏജൻസിയായി നിയമിച്ച് കയർ വികസന വകുപ്പു നേരിട്ടാണ് ഇതിന്റെ നിർവ്വഹണം നടത്തുന്നത്. |
| ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം | ഡി) ആലപ്പുഴ ചുങ്കത്ത് കയർഫെഡിൽ നിന്നും |

| | |
|---|---|
| നടപടികൾ എടുത്തിട്ടുണ്ട് എന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ? | ലഭിച്ച 90 സെന്റ് സ്ഥലത്ത് അഡ്മിനിസ്ട്രേറ്റീവ് ബ്ളോക്കും ആലപ്പി കയർ മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റിയിൽ നിന്ന് ലഭിച്ച 2.48 ഏക്കർ സ്ഥലത്ത് ഫാക്ടറി ബ്ളോക്കിന്റെയും നിർമ്മാണം ഏകദേശം പൂർത്തിയായി. അഡ്മിനിട്രേറ്റീവ് ബ്ളോക്കിൽ മെഷീൻ ഡിസ് പ്ളേ സെന്റർ, ഓഫീസ്, സെമിനാർ /പരിശീലന ഹാൾ, മെഷീൻ ഡിസൈൻ സെന്റർ മുതലായവ സജ്ജീകരിക്കാനുള്ള സൗകര്യങ്ങളുണ്ട്. മുല്ലക്കലിലുള്ള ഫാക്ടറി ബ്ലോക്കിൽ മിക്കവാറും എല്ലാ മെഷീനറികളും എത്തുകയും ഏതാണ്ടെല്ലാ മെഷിനറികളും കമ്മീഷൻ ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കമ്പനി രജിസ്ട്രേഷനും നിയമപരമായ ലൈസൻസുകൾ കിട്ടുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ